# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 മേയ് 12 രാവിലെ 11.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 4013728 കേസ്സുകളും 278892 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 67152 കേസ്സുകളും 2206 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കേരളത്തിൽ 519 കേസുകളും മൂന്ന് മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 489 പേർ രോഗമുക്തി നേടി. നിലവിൽ 27 പേർ രോഗം സ്ഥിതീകരിച്ച് ചികിത്സയിലാണ്. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിംഗ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും ലാബുകളിൽ നിലവിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. ഇപ്പോൾ ചികിത്സയിലുള്ള രോഗികളുടെ ആരോഗ്യനിലയെക്കുറിച്ചുള്ള വിശകലനവും നടത്തി. 24 മണിക്കൂറിൽ 983 സാമ്പിളുകൾ പരിശോധിച്ചതിൽ 7 സാമ്പിൾ പോസിറ്റീവ് ആയി. ചെക്ക്പോസ്റ്റുകൾ വഴി 21180 പേരും വിമാനത്താവളങ്ങളിൽ 1307 പേരും കപ്പൽ മാർഗ്ഗം 831 പേരും കേരളത്തിലേക്ക് എത്തി. പി സി ആർ കിറ്റുകൾ 71708 ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റ് 69185 ഡാക്രോൺ സ്വാബ് 82860 സ്റ്റോക്കുണ്ട്. ഗർഭിണികൾ ധാരാളമായി കേരളത്തിലേക്ക് മടങ്ങി എത്തുന്നതിനാൽ ചെക്ക് പോസ്റ്റുകളിൽ എ എൻ സി ക്ലിനിക്കുകൾ ആരംഭിക്കുവാൻ തീരുമാനിച്ചു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

ധാരാളമായി ആളുകൾ കേരളത്തിലേക്ക് എത്തുന്നതിനാൽ അടുത്ത ഘട്ടം പ്രവർത്തനങ്ങൾ ഉടനെതന്നെ ആരംഭിക്കേണ്ടതുണ്ട്. ഇതിനായി ആരോഗ്യ പ്രവർത്തകർ, പോലീസുകാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്. ഇനിയുള്ള ദിവസങ്ങൾ വളരെ ശ്രദ്ധയോടുകൂടി വേണം നേരിടാൻ.

## ചീഫ് സെക്രട്ടറി

മലബാർ മേഖലയിൽ നിന്ന് വ്യക്തി സുരക്ഷാ ഉപകരണങ്ങൾ ലഭിക്കുന്നില്ല എന്ന് പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

## അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തരം

അതിഥി തൊഴിലാളികളെ അവരുടെ നാട്ടിലേക്കെത്തിക്കുന്നതിനായി 25 ട്രെയിനുകൾ ഇതുവരെ പുറപ്പെട്ടിട്ടുണ്ട്. 28126 പേർ 6 സംസ്ഥാനങ്ങളിലേയ്ക്കായാണ് യാത്രയായിട്ടുള്ളത്. ബീഹാറിലേക്ക് 9 ട്രെയിനുകളും, ജാർഖണ്ഡ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിലേക്ക് 5 ട്രെയിനുകളും, ഒറീസയിലേക്ക് 3 ട്രെയിനുകളും, മധ്യപ്രദേശിലേക്ക് 2 ട്രെയിനുകളും, വെസ്റ്റ് ബംഗാളിലേക്ക് 1 ട്രെയിനുമാണ്, നാളെ 1 ട്രെയിൻ രാജസ്ഥാനിലേക്ക് പുറപ്പെടും. 10 വിമാനങ്ങൾ ഇതുവരെ എത്തിയിട്ടുണ്ട്. 2400 ആളുകൾ എത്തിയിട്ടുണ്ട്.

## ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

1960 ചരക്ക് വാഹനങ്ങൾ ആണ് ഇന്ന് രാവിലെ വരെ കേരളത്തിലെത്തിയിട്ടുള്ളത്. വാളയാർ, ആര്യങ്കാവ് ചെക്ക് പോസ്റ്റുകളിലൂടെ ചരക്ക് വാഹനങ്ങളുടെ വരവ് കുറഞ്ഞിട്ടുണ്ട്.

## സിവിൽ സപ്ലൈസ് സെക്രട്ടറി

ധാന്യങ്ങൾക്ക് വിലവർദ്ധനവ് ഇല്ല. പഴവർഗ്ഗങ്ങൾക്കും, പച്ചക്കറികൾക്കും 9 മുതൽ 24 ശതമാനം വരെ വിലവർദ്ധന ഉണ്ടായിട്ടുണ്ട്. വെളിച്ചെണ്ണയ്ക്ക് 12 രൂപയുടെയും, സൺഫ്ളവർ ഓയിലിന് 20 രൂപയുടേയും വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇന്നലെ വരെ 4938057 പേർക്ക് ഭക്ഷ്യധാന്യ കിറ്റുകൾ നൽകി. മെയ് 18 ഓടു കൂടി കിറ്റുവിതരണം പൂർത്തിയാക്കാൻ സാധിക്കും. 22609 പേർ കിറ്റുകൾ വേണ്ട എന്ന് അറിയിച്ചിട്ടുണ്ട്. കിറ്റുകൾ വേണ്ട എന്ന് അറിയിക്കുന്നതിനായി വെള്ളകാർഡുകാർക്ക് ബി എസ് എൻ എൽ മുഖേന എസ് എം എസ് അയക്കുന്നുണ്ട്.

## വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ

നിലവിൽ കേരളത്തിൽ സ്ഥിരീകരിച്ച രോഗബാധിതരിൽ 70 ശതമാനം പേർ മറ്റ് സ്ഥലങ്ങളിൽ നിന്ന് വന്നവരും. 30 ശതമാനം പേർ സമ്പർക്കത്തിലൂടെ രോഗം പിടിപെട്ടവരാണ്. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ മറ്റ് രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും രോഗവ്യാപനം വർദ്ധിച്ച് വരികയാണ്. അതിനാൽ രോഗസാധ്യതയുള്ളവർ കേരളത്തിലേക്ക് വരാനുള്ള സാധ്യതയും കൂടുതലാണ്. നിലവിലെ കേരളത്തിലെ അവസ്ഥ ജനങ്ങളിൽ ഒരു സുരക്ഷിത ബോധം ഉണ്ടായിട്ടുണ്ട്. അതിനാൽ കൂടുതൽ ആളുകൾ എത്തിചേരുന്ന സാഹചര്യത്തിൽ ബ്രേക്ക് ദി ചെയിൻ, സാമൂഹിക അകലം പാലനം, സമ്പർക്ക വിലക്ക്, സംരക്ഷണ സമ്പർക്ക വിലക്ക് എന്നിവ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശം ബഹു. മുഖ്യമന്ത്രി നൽകണം. ഡൽഹിയിൽ നിന്ന് മറ്റ് സംസ്ഥാനങ്ങളിലേക്ക് 15 ശീതീകരിച്ച ട്രെയിനുകൾ ഇന്ന് യാത്ര ആരംഭിക്കും. ഇത് വളരെ ഒരു ദുരന്തത്തിന് കാരണമാകാൻ സാധ്യതയുണ്ട്. ഇതുവരെയുള്ള ലോകാനുഭവങ്ങൾ കാണിക്കുന്നത് അടഞ്ഞ ശീതീകരിച്ച മുറികളിൽ ആണ് കോവിഡ് അതിവേഗം പടരുന്നത്. ട്രെയിനുകൾ അവസാനമാണ് കേരളത്തിൽ എത്തുന്നത് എന്നതിനാൽ കേരളത്തിലേക്ക് വരുന്നവർക്ക് രോഗം പിടിപെടാനുള്ള സാധ്യതയും കൂടുതലാണ്. യഥാർത്ഥത്തിൽ ശീതീകരണ സൗകര്യമില്ലാത്ത

തുറന്ന ട്രെയിനുകൾക്കാണ് ഈ സാഹചര്യത്തിൽ യാത്രകൾക്ക് അഭികാമ്യം. ഇത് കേരളത്തിന്റെ നിർദ്ദേശമായി കേന്ദ്രത്തിനെ അറിയിക്കേണ്ടതാണ്. കോവിഡ് വിവരങ്ങളുടെ ഒരു ഏകോപിപ്പിച്ച റിപ്പോർട്ട് വിദഗ്ദ്ധ സമിതി തയ്യാറാക്കി ബഹു. മുഖ്യമന്ത്രിക്ക് നൽകുന്നതാണ്. ക്വാറന്റൈൻ, റിവേഴ്സ് ക്വാറന്റൈൻ എന്നീ പദങ്ങളുടെ ഉപയോഗത്തിൽ കേരളത്തിന് ഒരു സംഭാവന നൽകാൻ സാധിക്കുന്നതാണ്. ക്വാറന്റൈൻ സമ്പർക്ക വിലക്ക് എന്നും റിവേഴ്സ് ക്വാറന്റൈൻ ന് സംരക്ഷണ സമ്പർക്ക വിലക്ക് എന്നും ഉപയോഗിക്കാവുന്നതാണ്.

## വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

കഴിഞ്ഞ 5 ദിവസം 2466 പേർ കപ്പൽ മാർഗ്ഗവും, വിമാന മാർഗ്ഗവും കേരളത്തിലേക്ക് എത്തിയിട്ടുണ്ട്. ഇതിൽ 44 പേർ ആശുപത്രികളിൽ നിരീക്ഷണത്തിലാണ്. മെയ് 16 മുതൽ 22 വരെ 37 വിമാനങ്ങൾ കേരളത്തിലേക്ക് എത്തും എന്നാണ് അറിഞ്ഞിട്ടുള്ളത്.

## ഐ ടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

ഇപ്പോൾ വീടുകളിൽ നിരീക്ഷണത്തിലുള്ള കേരളത്തിന്റെ വെളിയിൽ നിന്ന് വന്നവരുടെ നിരീക്ഷണത്തിനായി ഐ ടി സംവിധാനം ആരംഭിച്ചിട്ടില്ല. ഇത് ആരംഭിക്കുന്നതിനായി നിർദ്ദേശം ആവശ്യമാണ്. സ്വന്തമായി വാഹന സൗകര്യമില്ലാത്തവർക്ക് കേരളത്തിലേക്ക് എത്തുന്നതിനായി വിനോദ സഞ്ചാര വകുപ്പിന്റെ വാഹനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഇങ്ങനെ പോയി തിരിച്ചു വരുന്ന ഡ്രൈവർമാരും നിരീക്ഷണത്തിൽ പാർപ്പിക്കകയാണെങ്കിൽ തുടർന്നുള്ള പ്രവർത്തനങ്ങളെ അത് ബാധിക്കും.

## സംസ്ഥാന പോലീസ് മേധാവി

സ്പെഷ്യൽ രാജധാനി ട്രെയിൻ കേരളത്തിലേക്ക് പുറപ്പെടും എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഈ ട്രെയിനിന് കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ സ്റ്റേഷനുകളിൽമാത്രമാണ് സ്റ്റോപ്പ് ഉള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. കൂടുതൽ സ്റ്റോപ്പുകൾ വേണമെന്നുള്ള അഭ്യർത്ഥിച്ചിട്ടുണ്ട് ഇത് പരിഗണിക്കാം എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സ്റ്റേപ്പുകൾ കുറവ് മതി എന്ന നിലപാടാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ഇങ്ങനെ വരുന്ന സാഹചര്യത്തിൽ സ്ക്രീനിങ്ങിനായി റെയിൽവേ സ്റ്റേഷനുകളിൽ കൂടുതൽ ക്രമീകരണങ്ങൾ ആവശ്യമായി വരും. കൂടാതെ ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ ഹോം ക്വാറന്റൈൻ ഇവയ്ക്ക് വ്യക്തത നൽകേണ്ടത് ആവശ്യമാണ്. ബഹു. മുഖ്യമന്ത്രി തന്നെ പത്ര സമ്മേളനത്തിൽ ഇത് വ്യക്തമാക്കുന്നത് ഉചിതമാണ്. രോഗവ്യാപനത്തിന്റെ മൂന്നാമത്തെ ഘട്ടം കൂടുതൽ ശക്തമാക്കേണ്ടത് അനിവാര്യമാണ്.

## പിന്നോക്ക വിഭാഗ പ്രിൻസിപ്പൽ സെക്രട്ടറി ( അന്തർ സംസ്ഥാന അന്താരാഷ്ട്ര യാത്ര സ്പെഷ്യൽ ഓഫീസർ )

2.56 ലക്ഷം  അപേക്ഷകളാണ് കേരളത്തിലേക്ക് എത്തുന്നതിനായി മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തിയിട്ടുള്ളത്.  84,557 പേർക്ക്  പാസ്സുകൾ നൽകിയിട്ടുണ്ട്. 31291 പേർ ഇന്ന് രാവിലെ വരെ ചെക്ക് പോസ്റ്റുകൾ വഴി കേരളത്തിലേക്ക് എത്തും. വാളയാർ ചെക്ക് പോസ്റ്റ് വഴി എത്തുന്നതിനുള്ള അപേക്ഷകൾ കൂടുതലാണ്.  നിലവിലെ സാഹചര്യത്തിൽ വാളയാർ ചെക്ക് പോസ്റ്റിന് ഉൾക്കൊള്ളാൻ സാധിക്കുന്നതിലും അധികം ആളുകൾ അതുവഴി എത്തുന്നുണ്ട്. ഈ ജാഗ്രത പോർട്ടൽ പൂർണ്ണമായും പ്രവർത്തന ക്ഷമമായിട്ടുണ്ട്. ആരോഗ്യ വകുപ്പിന് യൂസർ ഐഡിയും പാസ്സ് വേഡും നൽകി കഴിഞ്ഞു. റെയിൽവേ സ്റ്റേഷനുകളിൽ കർശനമായ മെഡിക്കൽ സ്ക്രീനിങ്ങ് വേണ്ടിവരും. ഇതിനായി ഒരു എസ് ഒ പി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി  നൽകിയിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ക്വാറന്റൈൻ സൗകര്യം ഒരുക്കാൻ സാധിക്കുന്നില്ല. ഇങ്ങനെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ജില്ലാ ഭരണകൂടം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടുത്തുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഇതിനായി എസ് ഡി ആർ എഫ് ഫണ്ട് ലഭ്യമാകുന്നതാണ്. ശുചീകരണ പ്രവർത്തനങ്ങൾക്ക് സന്നദ്ധ പ്രവർത്തകരെ  ലഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വേണ്ടി വന്നാൽ ഇവർക്കായി വേതനം നൽകുന്നത് പരിഗണിക്കാവുന്നതാണ്. കൂടാതെ ഇവർക്ക് ആവശ്യമായ പരിശീലനം ആരോഗ്യ വകുപ്പ് വഴി നൽകാവുന്നതാണ്.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. ഇതുവരെ നമുക്ക് രോഗബാധയെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ അങ്ങോട്ട് അങ്ങനെ തന്നെ ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല. കാരണം നമ്മുടെ ജാഗ്രതയിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്. എല്ലാവരും ഒന്നിച്ചു പ്രവർത്തിച്ചാൽ മാത്രമേ വിജയത്തിലേക്ക് എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. വിവിധ വകുപ്പുകൾ തമ്മിൽ വിവരങ്ങൾ കൈമാറുന്നതിൽ ജാഗ്രത കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, എല്ലാ ജില്ലാ കളക്ടർമാർ)**
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ക്വാറന്റയിൻ ചെയ്യേണ്ടത്. അവർക്ക് അത് ചെയ്യണമെങ്കിൽ കൃത്യമായ വിവരം അവർക്ക് ലഭിക്കേണ്ടതുണ്ട്. ലഭിച്ച വിവരമനുസരിച്ച് ചെന്നൈയിൽ നിന്നും വന്ന രണ്ടു പേർ ചിങ്ങവനത്തെത്തിയിരുന്നു. പഞ്ചായത്തിന് കൃത്യസമയത്ത് വിവരങ്ങൾ ലഭിച്ചില്ല. പോലീസുകാരുടെ ഇടപെടലും ഒഴിച്ചുകൂടാനാവാത്തതാണ്. അവരുടെ ശരിയായ ഇടപെടൽ ഉണ്ടാവണമെങ്കിൽ കൃത്യമായ സമയത്ത് അവർക്ക് വിവരങ്ങൾ ലഭിക്കേണ്ടതുണ്ട്. **(ചുമതല - എല്ലാ ജില്ലാ കളക്ടർമാർ)**
3. മറ്റൊരു വിവരമനുസരിച്ച് ചെന്നൈയിൽ നിന്നും തൂനേരിയിലേക്ക് വന്നവർ ചെക്പോസ്റ്റിൽ എത്തിയപ്പോൾ അവർക്ക് വടകര പയ്യോളി സ്ഥലങ്ങളിൽ

താമസിക്കാൻ സൗകര്യം ഒരുക്കിയിട്ടുണ്ട് എന്ന വിവരമാണ് ലഭിച്ചത്. എന്നാൽ അവിടെ എത്തിയപ്പോൾ അവർക്ക് യാതൊരു അറിയിപ്പും കിട്ടിയിട്ടില്ല എന്ന് ആ സ്ഥാപനങ്ങൾ അറിയിച്ചു. അവിടത്തെ പോലീസ് സ്റ്റേഷനിൽ ഉള്ളവർക്കും ഇത് സംബന്ധിച്ച് യാതൊരു വിവരവും ലഭിച്ചിരുന്നില്ല. അവസാനം അവർക്ക് അശോകൻ എന്ന ഒരാളുടെ വീട്ടിൽ താമസം ഒരുക്കുകയാണുണ്ടായത്. വാളയാറിൽ നിന്നും കണ്ണൂരിലെത്തിയ കുറച്ചു പേർക്കും ഇത്തരത്തിലുള്ള അനുഭവമാണ് ഉണ്ടായത്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**

4. കോട്ടയം ജില്ലയിൽ ചെക്ക്പോസ്റ്റ് വഴി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തിയവരുടെ കണക്കും ഡി എം ഒ യിൽ നിന്നുള്ള വിവരവും തമ്മിൽ കാര്യമായ വ്യത്യാസമുണ്ട്. ഇത്തരത്തിൽ കുറവ് എങ്ങനെ സംഭവിച്ചു എന്ന് പരിശോധിക്കേണ്ടതുണ്ട്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, ജില്ലാ കളക്ടർ കോട്ടയം)**
5. നമ്മുടെ അനാസ്ഥയുടെ മറ്റൊരു വിവരവും ലഭിച്ചിട്ടുണ്ട് . ഗർഭിണിയായ മകളും പേരക്കുട്ടിയും നെടുമ്പാശ്ശേരിയിലേക്ക് എത്തുന്നത് സംബന്ധിച്ച വിവരം എറണാകുളം കൺട്രോൾ റൂമിൽ അറിയിച്ചപ്പോൾ അവർക്ക് പോകാനുള്ള വാഹനം സർക്കാർ ഒരുക്കുമെന്ന വിവരമാണ് ലഭിച്ചത്. എന്നാൽ അവർ വിമാനത്താവളത്തിൽ എത്തിയപ്പോൾ അത്തരത്തിൽ ഒരു കാര്യം അവിടെ ഒരുക്കിയിട്ടില്ല എന്ന വിവരമാണ് ലഭിച്ചത്. അടിസ്ഥാനരഹിതമായ വിവരം കാരണം അവർക്കുണ്ടായ ബുദ്ധിമുട്ട് നാം കാണേണ്ടതുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ തന്നെ ആവർത്തിച്ചു കൂടാ. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
6. വിവരങ്ങൾ കൃത്യമായി ലഭിക്കണമെങ്കിൽ ചെക്പോസ്റ്റ് സംവിധാനവും ജില്ലാ അഡ്മിനിസ്ട്രേഷനും മറ്റ് വകുപ്പുകളും തമ്മിൽ കൃത്യമായ ഏകോപനം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. എന്താണ് കുറവ് എന്ന് കണ്ടെത്തി കുറവുകൾ പരിഹരിച്ച് പോകേണ്ടതുണ്ട്. മാത്രമല്ല ചെക്ക്പോസ്റ്റ് കടന്ന് വരുന്നതോ, വിമാനത്താവളത്തിൽ നിന്ന് വീടുകളിലേക്ക് പോകുന്നവരോ ആയ ആൾക്കാരെ കൃത്യമായി പിന്തുടരുന്നു എന്ന് ഉറപ്പുവരുത്തണം. അവരെ പോലീസ് കൃത്യമായി ശ്രദ്ധിക്കേണ്ടതാണ്. യാത്ര തിരിച്ച് കൃത്യസമയത്തിനുള്ളിൽ വീട്ടിലെത്തു ന്നുണ്ടോ എന്ന് അവർ ഉറപ്പു വരുത്തേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, എല്ലാ ജില്ലാ കള ക്ടർമാർ)**
7. ഹോം ക്വാറന്റയിൻ ഉറപ്പുവരുത്താൻ വാർഡ് തല സമിതിയും പോലീസുകാരും ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടതാണ്. **(ചുമതല - തദ്ദേശ സ്വയംഭരണ, ആഭ്യന്തര വകുപ്പ്)**
8. കണക്കുകൾ പ്രകാരം കേരളത്തിലേക്ക് റെഡ് സോണിൽ നിന്ന് 50 ശതമാനത്തോളം ആൾക്കാർ ഇതുവരെ കടന്നുവന്നിട്ടുണ്ട്. ഇത് ഗൗരവമായി കാണണം. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
9. അതിർത്തി വഴി വാഹനം കടന്നു വരുമ്പോൾ സാനിറ്റയിസ് ചെയ്യേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ, ആഭ്യന്തര വകുപ്പ്)**
10. രോഗം സ്ഥിരീകരിച്ച ആൾക്കാർ സഞ്ചരിച്ച വാഹനങ്ങളിൽ കൂടെ സഞ്ചരിച്ച യാത്രക്കാരെ നിരീക്ഷണത്തിൽ കൊണ്ടുവരേണ്ടതാണ്. പുറത്തു നിന്ന് വരുന്നവർ രോഗാവസ്ഥയിൽ ആകാൻ സാധ്യത ഏറെയാണ്. ഏത് തരത്തിൽ രോഗവ്യാപനം ഉണ്ടാകുന്നു എന്ന് നാം പരിശോധിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ, ആഭ്യന്തര വകുപ്പ്, എല്ലാ ജില്ലാ കളക്ടർമാർ)**
11. വിദേശത്ത് നിന്ന് കേരളത്തിലേക്ക് എത്തുന്നവർ ഹോട്ടൽ നേരത്തെ ബുക്ക് ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ കാര്യത്തിൽ എന്ത് ചെയ്യാനാകും എന്നത്

പരിശോധിക്കേണ്ടതാണ്. **(ചുമതല - തദ്ദേശസ്വയംഭരണ, ടൂറിസം, ആഭ്യന്തര വകുപ്പ്)**

12. എയർപോർട്ടുകളിൽ വിമാനത്താവളങ്ങളിൽ എത്തുന്ന ആൾക്കാരോട് സർക്കാർ ജീവനക്കാർ സൗമ്യമായി പെരുമാറുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
13. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ക്വാറന്റയിൻ സെന്ററുകൾ അവരുടെ അതിർത്തിക്കുള്ളിൽ ഉള്ളവർക്ക് മാത്രമേ സൗകര്യമൊരുക്കൂ എന്ന് പറയുന്നതിൽ അർത്ഥമില്ല. ക്വാറന്റയിൻ സെന്ററുകൾ സംസ്ഥാനത്തിന്റെ ബാധ്യതയാണ്. ചിലവുകൾ നമ്മൾ വഹിക്കുന്നതാണ്. **(ചുമതല - തദ്ദേശസ്വ യംഭരണ വകുപ്പ്)**
14. മാസ്കുകളുടെ കാര്യത്തിൽ നല്ല ഇടപെടൽ ഉണ്ടായിട്ടുണ്ട്. എന്നാൽ അതിന്റെ വിൽപ്പന സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുണ്ട് . കവറുകളിൽ ആയിരിക്കണം വില്പന. മാസ്കുകൾ പരീക്ഷിച്ചു നോക്കുക എന്നത് ശരിയല്ല. **(ചുമതല - പൊതുഭരണ വകുപ്പ്)**
15. കാസർഗോഡ് ജില്ലയിൽ തലപ്പാടി ചെക്ക്പോസ്റ്റ് കടന്ന് വരുന്ന ആൾക്കാരുടെ വിവരങ്ങൾ എഴുതിയെടുത്ത് ലാപ്ടോപ്പിൽ ചേർക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പാടില്ല. ഇത് ചെക്ക്പോസ്റ്റുകളിൽ തിരക്ക് വർദ്ധിപ്പിക്കാൻ കാരണമാകും. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ, ജില്ലാ കളക്ടർ, കാസർഗോഡ്)**
16. സംസ്ഥാനത്തുള്ളവർക്ക് അന്തർജില്ലാ യാത്രകൾ ചെയ്യുമ്പോൾ ക്വാറന്റയിനിൽ പോകേണ്ടതില്ല. **(ചുമതല - പൊതുഭരണ വകുപ്പ്)**
17. ട്രെയിനുകളിൽ ടിക്കറ്റ് എടുത്ത് കേരളത്തിലേക്ക് എത്തുന്നവർ ജാഗ്രത പോർട്ടലിൽ രജിസ്റ്റർ ചെയ്യണമെന്ന് നമുക്ക് പറയാവുന്നതാണ്. എന്നാൽ എല്ലാവരും ചെയ്തു എന്ന് വരില്ല. ഇപ്പോഴത്തെ ഉത്തരവനുസരിച്ച് കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം സ്റ്റേഷനുകളിലാണ് ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളത്. ഇവിടങ്ങളിൽ തിരക്ക് വർദ്ധിക്കാൻ സാധ്യതയുണ്ട്. ഈ സ്ഥലങ്ങളിൽ കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാകാം. രാജധാനി നിർത്തുന്ന സ്റ്റോപ്പുകളിലെങ്കിലും സ്റ്റോപ്പ് അനുവദിക്കണമെന്ന് നമുക്കാവശ്യപ്പെടാം. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് കേന്ദ്രത്തെ അറിയിക്കേണ്ടതാണ്. ഈ സ്റ്റേഷനുകളിൽ കൃത്യമായ പരിശോധനകൾ ക്രമീകരിക്കേണ്ടതാണ് . ഒരു ഗേറ്റ് വഴി മാത്രം ആൾക്കാർ അകത്തേക്കും പുറത്തേക്കും വരുന്നത് നിയന്ത്രിക്കേണ്ടതാണ്. ഇതിലും പോലീസിന്റെ കൃത്യമായ ഇടപെടൽ ഉണ്ടാവണം. മാത്രമല്ല കളക്ടറേറ്റ് ഉദ്യോഗസ്ഥരെ ഇവിടെ പോസ്റ്റ് ചെയ്യേണ്ടതാണ്. **(ചുമതല - ആഭ്യന്തര, ഗതാഗത, റവന്യൂ, പൊതുഭരണ വകുപ്പ്)**
18. നമ്മുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച ഏകീകൃത രേഖ ഉണ്ടാക്കാമെന്ന വിദഗ്ധസമിതിയുടെ അഭിപ്രായത്തോട് യോജിക്കുന്നു. **(ചുമതല - വിദഗ്ധസമിതി)**
19. വാളയാർ ചെക്ക് പോസ്റ്റ് പരിശോധിച്ച് അവിടെ കപ്പാസിറ്റി കൂട്ടുന്നത് നോക്കേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**

താഴെപ്പറയുന്ന കാര്യങ്ങൾ ലോക്ഡൗണിനു ശേഷം കേരളത്തിൽ നടപ്പാക്കാവുന്നതാണ് കേന്ദ്രത്തെ അറിയിക്കണം. അതിനുള്ള അനുമതിയും തേടണം.

20. സംസ്ഥാനത്തുള്ള ആഭ്യന്തര വിമാന സർവീസുകൾ ആരംഭിക്കാം.

21. ട്രെയിനുകളും മെട്രോ ട്രെയിനുകളും കേരളത്തിനുള്ളിൽ സർവീസുകൾ നടത്താം.
22. അന്തർസംസ്ഥാന യാത്രകൾ ചെയ്യാവുന്നതാണ്.
23. ട്രെയിൻ പ്രധാന നഗരങ്ങളിൽ നിന്ന് വേണമെന്ന് ആവശ്യപ്പെടാവുന്നതാണ്. ഓൺലൈൻ വഴി ബുക്കിങ് സംവിധാനം ഏർപ്പെടുത്തണമെന്നും നമുക്ക് റെയിൽവേയോട് ആവശ്യപ്പെടാം.
24. ബസ് യാത്ര അന്തർജില്ല തലത്തിൽ ഇപ്പോൾ ആവശ്യമില്ല അടുത്ത ഘട്ടത്തിൽ നമുക്ക് അതിനെപ്പറ്റി ആലോചിക്കാം. ഇത്തരത്തിലുള്ള യാത്രകൾ നടത്തുമ്പോൾ ആവശ്യമായ സുരക്ഷാസംവിധാനങ്ങൾ ആൾക്കാരുടെ എണ്ണം നിജപ്പെടുത്തി വേണം സർവീസുകൾ നടത്താൻ. ഇത് പാലിച്ചില്ലെങ്കിൽ പെർമിറ്റ് ക്യാൻസൽ ചെയ്യുന്നത് അടക്കമുള്ള നടപടികൾ ചെയ്യേണ്ടതാണ്. വാഹനങ്ങൾ സർവീസ് നടത്തുമ്പോൾ ആൾക്കാർ കുറവാണെന്നതിനാൽ ടിക്കറ്റ് ചാർജ്ജ് കൂട്ടി വാങ്ങിക്കുന്നത് തെറ്റില്ല.
25. അന്തർജില്ലാ യാത്രകൾക്ക് അനുമതി നൽകാവുന്നതാണ്.
26. കണ്ടയിൻമെന്റ് സോണുകൾ ഒഴികെയുള്ള സ്ഥലങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. പക്ഷേ ഈ സ്ഥലങ്ങളിലെല്ലാം തന്നെ നമ്മുടെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.
27. ഹോസ്പിറ്റാലിറ്റി സേവനങ്ങളും പുനരാരംഭിക്കുന്നത് അത്യാവശ്യമാണ്. എന്നാൽ ഇവിടങ്ങളിൽ സാമൂഹിക അകലം കൃത്യമായി പാലിക്കേ ണ്ടതാണ്.
28. നിർമ്മാണ മേഖലയിലും വലിയ മാറ്റം വരേണ്ടത് അത്യാവശ്യമാണ്. ഒന്ന് രണ്ട് മാസം കഴിഞ്ഞ് മഴ ആരംഭിക്കുന്നതിനാൽ ആ പ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കേണ്ടതുണ്ട്.
29. കേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് സംസ്ഥാനങ്ങളുടെ സാഹചര്യമനുസരിച്ച് തീരുമാനം എടുക്കാം എന്നാണ് അറിയിച്ചിട്ടുള്ളത്. നമ്മുടെ മേൽപ്പറഞ്ഞ ആവശ്യങ്ങൾ കേന്ദ്രത്തെ എത്രയും വേഗം അറിയിക്കേണ്ടതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
30. എം എൻ ആർ ഇ ജി എസ് ജോലിയിൽ കാർഷികവൃത്തി കൂടി അവസരം നൽകുന്നത് പരിഗണിക്കേണ്ടതാണ്. **(ചുമതല- തദ്ദേശസ്വയംഭരണ വകുപ്പ്)**
31. പൊതുവിദ്യാഭ്യാസം ജൂൺ ഒന്നിന് ഓൺലൈൻ ക്ലാസ് മുഖേന ആരംഭിക്കേണ്ടതാണ്. **(ചുമതല - പൊതുവിദ്യാഭ്യാസ വകുപ്പ്)**
32. ഉന്നത വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും നാം ആലോചനായോഗം നടത്തേണ്ടതാണ്. **(ചുമതല - ഉന്നത വിദ്യാഭ്യാസ വകുപ്പ്)**
33. മാർക്കറ്റുകളിൽ സമൂഹ അകലം പാലിക്കപ്പെടുന്നില്ല എന്ന വിവരം ഉണ്ട്. ഇത് കൃത്യമായി പരിശോധിക്കേണ്ടതാണ്. അത് പാലിക്കപ്പെടുന്നില്ല എങ്കിൽ ഫൈൻ ഈടാക്കുന്നത് പരിഗണിക്കാവുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്, എല്ലാ. ജില്ലാ കളക്ടർമാർ)**

അടുത്ത അവലോകന യോഗം വെള്ളിയാഴ്ച നടത്താവുന്നതാണ്.

യോഗം 12 മണിക്ക് അവസാനിച്ചു.

13/5

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
4. സ്റ്റേറ്റ് പോലീസ് ചീഫ്
5. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
7. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
8. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
11. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
12. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
14. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
15. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
17. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
18. സെക്രട്ടറി, ധനകാര്യം
19. സെക്രട്ടറി, ഊർജ്ജ വകുപ്പ്
20. സെക്രട്ടറി, ടൂറിസം വകുപ്പ്
21. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
22. സെക്രട്ടറി, വ്യവസായ വകുപ്പ്
23. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ